

കരുണ

V. K. KESAVAN,
VILAYATHU,
KANJAVELY, P.O.
PERINAD, QUILON.

കുമാരൻ ആശാൻ

VIVEKANANDA LIBRARY
Founded by
VILAYATHU KRISHNAN ... IN 1893
VILAYATHU,
KANJAVELI (P.O.) QUILON
KERALA
INDIA.

SARADA BOOK DEPOT
B. S. P.
THONNAKKAL. TRIVAND...

ശാരദാ ബുക്ക ഡിപ്പോ
തോന്നയ്ക്കൽ

വില 75 പൈ.

(Malayalam)

KARUNA

Poem

By **KUMARAN ASHAN**

First Published 1924
Thirtieth reprint April, 1966
Copies 5000
Publishers:
Sarada Book Depot
Thonnakkal

Copyright:
Sarada Book Depot
Thonnakkal

Price Re. 0. 75
Printed at
S. B. Press,
TRIVANDRUM.

ഒന്നാം പതിപ്പിൻെറ

മുഖവുര

കഴിഞ്ഞകൊല്ലം ഏതാണ്ട് ഈ സമയത്തു തന്നെ പ്രസിദ്ധപ്പെട്ടത്തിയ "ചണ്ഡാലഭിക്ഷുകി" യെപ്പോലെ "കരുണ" എന്ന ഈ കൃതിയും ഒരു ബുദ്ധമതകഥയെ അടിസ്ഥാനമാക്കിയാണ് എഴുതീട്ടുള്ളതു്. Dr. Paul Carus എന്ന അമേരിക്കൻ പണ്ഡിതന്റെ 'The Gospel of Buddha' എന്ന പുസ്തകത്തിൽ കാണുന്നപ്രകാരം ആ കഥയെ താഴെ ഉദ്ധരിച്ചിരിക്കുന്നു. കഴിഞ്ഞ കക്കടകത്തിലാണ് ഇതു് എഴുതാൻ ആരംഭിച്ചതു്. പല അസൌകര്യങ്ങളാൽ ഇപ്പോൾ മാത്രമേ പൂത്തിയാക്കാൻ സാധിച്ചുള്ളൂ.

തോന്നയ്ക്കൽ,
14—4—'99.

ഗ്രന്ഥകത്താ

ഒന്നാം പതിപ്പിന്റെ

മുഖവുര

[illegible] Dr. Paul Carus [illegible] The Gospel of Buddha [illegible]

[illegible]

THE ORIGINAL STORY

There was a courtesan in Mathura named Vasavadatta. She happened to see Upagupta, one of Buddha's disciples a tall and beautiful youth and fell desperately in love with him. Vasavadatta sent an invitation to the young man but he replied: "The time has not yet arrived when Upagupta will visit Vasavadatta."

The courtesan was astonished at the reply and she sent again for him saying: "Vasavadatta desires love, not gold from Upagupta." But Upagupta made the same enigmatic reply and did not come. A few months later Vasavadatta had a love intrigue with the chief of the artisans and that time a wealthy merchant came to Mathura who fell in love with Vasavadatta. Seeing his wealth and fearing the jealousy of her other lover, she contrived the death of the chief of the artisans and concealed his body under a dunghill.

When the chief of the artisans had disappeared, his relatives and friends searched for him and found his body. Vasavadatta, however, was tried by a judge, and condemned to have ears and nose, her hands and feet cut off and flung into a grave yard.

Vasavadatta had been a passionate girl, but kind to her servants and one of her maids followed her and out of love for her former mistress ministered unto her agonies and chased away the crows.

Now the time had arrived when Upagupta decided to visit Vasavadatta. When he came, the poor woman ordered her maid to collect and hide under cloth her severed limbs, and he greeted her kindly but she said with petulance:" Once this body

was fragrant like the lotus and I offered you my love. In those days I was covered with pearls and fine muslin. Now I am mangled by the executioner and covered with filth and blood."

"Sister" said the young man: "It is not for my pleasure that I approach you. It is to restore to you a nobler beauty than the charm which you have lost."

"I have seen with mine eyes the Tathagata walking upon earth and teaching men his wonderful doctrine. But you would not have listened to the words of righteousness while surrounded with temptations, while under the spell of passion and yearning for worldly pleasure."

"You would not have listened to the teaching of the Tathagata for your heart was wayward and you set your trust on the sham of your transient charms."

"The charms of lovely forms are treacherous and quickly lead into temptations, which have proved too strong for you. But there is beauty which will not fade and if you but listen to the doctrine of our Lord the Buddha you will find that peace which you never would have found in the restless world of sinful pleasures."

Vasavadatta became calm and a spiritual happiness soothed the tortures of her bodily pain for where there is much suffering there is also great bliss.

Having taken refuge in the Buddha the Dharma and the Sangha she died in pious submission to the punishment of her crime.

VIVEKANANDA ...
Founded By
VILAYATHU KRISHNAN ASAN IN 189..
VILAYATHU,
KANJAVELI (P.O.) QUILON;
KERALA INDIA.

മൂലകഥ

ഉത്തരമധുരയിൽ വാസവദത്ത എന്നു് ശ്രുതിപ്പെട്ട ഒരു വേശ്യയുണ്ടായിരുന്നു. അവൾക്കു് ബുദ്ധശിഷ്യനായ ഉപഗുപ്തനെക്കണ്ടിട്ടു കലശലായ അനുരാഗം ജനിച്ചു. അദ്ദേഹം ദീർഘകായനും സുന്ദരനും ആയ ഒരു യുവാവായിരുന്നു. വാസവദത്ത അയാളെ ഗൃഹത്തിലേക്കു ക്ഷണിച്ചു. തനിക്കു് വാസവദത്തയുടെ അടുക്കലേക്കു പോകാൻ ഇനിയും കാലമായിട്ടില്ലെന്നു് അയാൾ മറുപടി പറഞ്ഞയച്ചു. ഈ മറുപടി കേട്ടു് അവൾ ആശ്ചര്യപ്പെട്ടു. ഉപഗുപ്തനിൽനിന്നു് അനുരാഗത്തെ മാത്രമാണു് ധനത്തെ അല്ല താൻ ആഗ്രഹിക്കുന്നതെന്നു പറഞ്ഞു് വീണ്ടും അവനെ കൂട്ടിക്കൊണ്ടുവരാൻ അവൾ ആളയച്ചു. എന്നിട്ടും ഉപഗുപ്തൻെറ മറുപടി മുമ്പിലത്തേതുതന്നെ ആയിരുന്നു. അയാൾ പോയതുമില്ല.

ഏതാനും മാസങ്ങൾ കഴിഞ്ഞു് അവിടത്തെ തൊഴിലാളികളുടെ പ്രമാണി അവളെ സ്വാധീനത്തിൽ ആക്കി. അതിനിടയിൽ വിദേശീയനായ ഒരു വർത്തകൻ മധുരയിൽ വന്നു. അയാൾക്കു് അവളിൽ വലിയ ഭ്രമമായി. അയാളുടെ ധനസമൃദ്ധി കണ്ടിട്ടും മറേറ കാമുകൻെറ അനിഷ്ടത്തെ ഭയന്നിട്ടും വാസവദത്ത ആദ്യത്തെ കാമുകനെ സൂത്രത്തിൽ കൊന്നു് അയാളുടെ ശരീരം ചാണകക്കുണ്ടിൽ കുഴിച്ചുമൂടി. തൊഴിലാളികളുടെ പ്രമാണിയെ കാണാതായപ്പോൾ അയാളുടെ ബന്ധുക്കളും സ്നേഹിതന്മാരും അന്വേഷണം തുടങ്ങി. പ്രേതം കണ്ടെടുക്കുകയും ചെയ്തു. വാസവദത്തയെ ന്യായാധിപതി വിസ്തരിച്ചു; അവളെ ചെവിയും മൂക്കും കരചരണങ്ങളും മുറിച്ചു് ചുടുകാട്ടിൽ തള്ളാനും വിധികല്പിച്ചു.

വാസവദത്ത ഭോഗലോല്പപയായ ഒരു ചെറുപ്പക്കാരി യായിരുന്നു. എന്നാൽ അവൾ തൻെറ കീഴിലുള്ളവരെ എല്ലാം വളരെ സ്നേഹിക്കുകയും ചെയ്തിരുന്നു. അവളുടെ പരിചാരികകളിൽ ഒരുത്തി അവളോടുള്ള സ്നേഹംനിമിത്തം ചുടുകാട്ടിൽ ചെന്നു് അവളെ ശുശ്രൂഷിക്കുകയും കാക്ക ആട്ടു കയും ചെയ്തുകൊണ്ടിരുന്നു.

ഈ അവസരത്തിൽ ഉപഗുപ്തൻ വാസവദത്തയെ ചെന്നു കാണാൻ തീർച്ചയാക്കി.

അദ്ദേഹം ചെന്നതു കണ്ടു് സാധു വാസവദത്ത തൻെറ വെട്ടിയിട്ടിരിക്കുന്ന അംഗങ്ങളെ ഒരു തുണികൊണ്ടു മൂടിക്കളെ യാൻ പരിചാരികയോടു് ആജ്ഞാപിച്ചു, ഉപഗുപ്തൻ സ്നേഹപൂർവ്വം ഉപചാരവാക്കുകൾ പറഞ്ഞുകൊണ്ടു് അവ ളുടെ അടുത്തു ചെന്നു. അവൾ ചാപല്യത്തോടെ പറഞ്ഞു:— "മുമ്പു് ഈ ശരീരം താമരപ്പൂപോലെ സുരഭിലമായിരുന്നു; അന്നു് എൻെറ അനുരാഗത്തെ ഞാൻ അങ്ങയെ അറിയി ക്കയും ചെയ്തിരുന്നു. അക്കാലത്തു് ഞാൻ മനോഹരങ്ങളായ ഹാരലതകളാലും മൃദുലങ്ങളായ ദുകൂലങ്ങളാലും അലംകൃത ശരീരയും ആയിരുന്നു. ഇപ്പോഴാകട്ടെ, എന്നെ 'ആരാച്ചാർ' വെട്ടിമുറിച്ചു് അഴുക്കിലും ചോരയിലും പൂഴ്ത്തിയിട്ടിരിക്ക യാകുന്നു."

ആ യുവാവു് പറയുന്നു:—"സഹോദരി, ഞാൻ വന്നതു് എൻെറ സുഖത്തെ ഇച്ഛിച്ചല്ല. നിനക്കു് ഇപ്പോൾ നഷ്ട പ്പെട്ടുപോയിരിക്കുന്നതിനേക്കാളും ഉൽകൃഷ്ടതരമായ സൗഭാ ഗ്യത്തെ ഉണ്ടാക്കിത്തരാൻ ഉദ്ദേശിച്ചിട്ടാകുന്നു. തഥാഗതൻ ഭൂമിയിൽ സഞ്ചരിച്ചു്, മനുഷ്യർക്കു് അദ്ദേഹത്തിൻെറ അത്ഭു തകരമായ ധർമ്മത്തെ ഉപദേശിക്കുന്നതു് ഞാൻ എൻെറ ഈ

കണ്ണുകൊണ്ടു കണ്ടിരിക്കുന്നു. എന്നാൽ പ്രലോഭനങ്ങളാൽ ആവൃതയായി ലൗകികസുഖങ്ങളിലെ ആസക്തിയാൽ വ്യാമോഹിതയായ നീ ധർമ്മോപദേശത്തിനു യോഗ്യയായിരുന്നില്ല. തഥാഗതൻെറ ഉപദേശങ്ങൾ നീ ശ്രദ്ധിക്കുമായിരുന്നില്ല; നിൻെറ ഹൃദയം ലൗകികവിഷയങ്ങളുടെ പിന്നാലെ ഓടിനടന്നു; നിൻെറ വിശ്വാസം നീ ക്ഷണഭംഗുരമായ ശരീരസൗന്ദര്യമാകുന്ന കൺകെട്ടുവിദ്യയിൽ ഉറപ്പിച്ചിരുന്നു.

"ശരീരസൌന്ദര്യം വിശ്വസനീയമല്ല; അതു വിട്ടുപിരിയുവാൻ നിവൃത്തിയില്ലാത്തവിധത്തിലുള്ള പല പ്രലോഭനങ്ങളിലേക്കും വേഗത്തിൽ വഴികാണിക്കുകയും ചെയ്യുന്നു. എന്നാൽ അനശ്വരമായ വേറൊരു സൌന്ദര്യമുണ്ട്. നമ്മുടെ ഭഗവാൻ ബുദ്ധൻെറ ധർമ്മശാസനത്തെ നീ ശ്രവിക്കുമെങ്കിൽ അവിശ്രാന്തമായ ഈ ലോകത്തിലെ പാപഭൂയിഷ്ഠമായ സുഖങ്ങളിൽ ഒന്നിലും കാണാത്ത അന്യാദൃശമായ ഒരു ആശ്വാസം നിനക്ക് അനുഭവമാകും."

വാസവദത്തയുടെ ഹൃദയം ശാന്തമായി. ആദ്ധ്യാത്മികമായ ഒരു സുഖം അവളുടെ ശാരീരികമായ വേദനകളുടെ ദുസ്സഹതയെ ശമിപ്പിച്ചു. എവിടെ അധികം ദുഖമുണ്ടോ അവിടെ മഹത്തായ ആനന്ദവും ഉണ്ടാകുന്നു.

ബുദ്ധൻ, ധർമ്മം, സംഘം ഈ മൂന്നിൽ ശരണം പ്രാപിച്ചുകൊണ്ടു തൻെറ പാപത്തിൻെറ ശിക്ഷയ്ക്കു ഭക്തിപൂർവ്വം കീഴടങ്ങി അവൾ മരിച്ചു.

VIVEKANANDA LIBRARY (R)
Founded By
VILAYATHU KRISHNAN ASAN IN 1893
VILAYATHU.
KANJAVELI (P.O.) QUILON;
KERALA INDIA.

V. K. KESAVAN,
VILAYATHU,
KANJAVELY, P.O.
PERINAD, QUILON.

കരുണ

ഭാഗം ഒന്ന്

അനുപമകൃപാനിധിയഖിലബാന്ധവൻ ശാക്യ-
ജിനദേവൻ ധർമ്മരശ്മി ചൊരിയും നാളിൽ,

ഉത്തരമധുരാപുരിക്കുത്തരോപാന്തത്തിലുള്ള
വിസ്തൃതരാജവീഥിതൻ കിഴക്കരികിൽ,

കാളിമകാളും നഭസ്സെയുമ്മവയ്ക്കും വെണ്മനോജ്ഞ
മാളികയൊന്നിന്റെ തെക്കേ മലർമുറ്റത്തിൽ,

വ്യാളീമുഖംവച്ചുതീർത്ത വളഞ്ഞ വാതിലൊന്നക-
ത്താളിരുന്നാൽ കാണും ചെറു മതിലിനുള്ളിൽ,

ചിന്നിയ പൂങ്കുലകളാം പട്ടുതൊങ്ങൽ ചുഴമൊരു
പൊന്നശോകം വിടർത്തിയ കുട തൻ കീഴിൽ,

V. K. KESAVAN,
VIVEKANANDA LIBRARY
Founder: 1939
KRISHNA HU...
KANJAVELI
PERINAD, QUILON,
KERALA.

മസൃണശിലാസനത്തിൻ ചരിഞ്ഞപാർശ്വത്തിൽ, പുഷ്പ-
വിസ്മരസുരഭിയാമുപധാനത്തിൽ,

മെല്ലെയൊട്ടു ചാഞ്ഞും, വക്കിൽ കസവുമിന്നും പൂവാട
തെല്ലളകോപരിയൊരു വശത്താക്കിയും,

കല്ലോളിവീശുന്ന കല്ലുപൂരമാന്നും വിടരാത്ത
മുല്ലമാലചിന്നും കുന്തൽ കരിവാർമുകിൽ

ഒട്ടു കാണുമാറുമതിന്നടിയിൽ നൻമൃഗമദ-
പ്പൊട്ടിയന്ന മുഖചന്ദ്രൻ സ്ഫുരിക്കുമാറും,

ലോലമോഹനമായ് തങ്കപ്പങ്കജത്തെവെല്ലും വലം
കാലിടത്തുതുടക്കാമ്പിൽ കയററിവച്ചും,

രാമച്ചവിശറി പനിനീരിൽമുക്കിത്തോഴിയെക്കൊ-
ണ്ടോമൽക്കൈവളകിലുങ്ങെയൊട്ടു വീശിച്ചും,

കഞ്ജബാണൻതൻെറ പട്ടംകെട്ടിയ രാജ്ഞിപോലൊരു
മഞ്ജുളാംഗിയിരിക്കുന്നു മതിമോഹിനി.

പടിഞ്ഞാറു ചാഞ്ഞു സൂര്യൻ പരിരമ്യമായ്മഞ്ഞയും
കട്ടും ചുവപ്പും കലൻ തരുക്കളുടെ

രാജൽകരകേസരങ്ങൾ വീശിടുന്നു ദൂരത്തൊരു
'രാജമല്ലി'മരം പൂത്തു വിലസും പോലെ,

കൊണ്ടൽവേണീമണിയവൾ കുതുകമാന്നൊരു മലർ-
ച്ചെണ്ടൊരുകരവല്ലിയാൽ ചുഴററിടുന്നു.

ഇളംതെന്നൽ തട്ടി മെല്ലെയിളകിച്ചെറുതരംഗ
ച്ചുളിചേരും മൃദുചേലച്ചോലയിൽനിന്നും

വെളിയിൽ വരുമച്ചാരു വാമേതരപാദാബ്ജം പൊൻ-
തള കിലുങ്ങുമാറവൾ ചലിപ്പിക്കുന്നു.

മറയും മലർവല്ലിയിൽ കുണ്ഠിതമാന്നിടയ്ക്കിടെ
മറിമാൻമിഴി നോക്കുന്നു വെളിക്കെന്നല്ല,

ഇടതൂന്നിമകറുത്ത മിനുത്തുള്ളിൽ മദജലം
പൊടിയും മോഹനനേത്രം പ്രകൃതിലോലം,

പിടഞ്ഞു മണ്ടിനിൽക്കുന്നു പിടിച്ചു തുനീർ തിളങ്ങും
സ്ഫടികക്കുപ്പിയിലിട്ട പരൽമീൻപോലെ.

തുടുതുടെ സ്ഫുരിച്ചെഴുമധരപല്ലവങ്ങൾ തൻ
നടുവോളമെത്തും ഞാത്തിൻ ധവളരത്നം

വിളങ്ങുന്നു മാണിക്യമായവൾ ശ്വസിക്കും രാഗംതാൻ
വെളിയിലിങ്ങനെ ഘനീഭവിക്കുംപോലെ.

നിതംബഗുരുതയാൽത്താൻ നിലം വിടാൻ കഴിയാതി
സ്ഥിതിയിൽ തങ്ങുമീക്ഷോണീരംഭതാനത്രേ

'വാസവദത്താ'ഖ്യയായ വാരസുന്ദരി മഥുരാ-
വാസികളിലറിയാതില്ലിവളെയാരും.

വെളിയിലെന്തിനോ പോയി മടങ്ങിവരും വേറൊരു
നളിനാക്ഷി നടന്നിതാ നടയിലായി.

കനിഞ്ഞൊന്നു പുഞ്ചിരിപൂണ്ടവളെയാക്കാമിനി കാർ
കുനുചില്ലിക്കൊടികാട്ടി വിളിച്ചീടുന്നു.

"ഫലിച്ചിതോ സഖി, നിൻെറ പ്രയത്നവല്ലരി, രസം
കലൎന്നിതോ ഫലം, ചൊൽക കനിയായിതോ?

എനിക്കു സന്ദേഹമില്ല,യിക്കുറി,യോൎക്കിലപ്പുമാൻ
മനുഷ്യനാണല്ലോ നീയും ചതുരയല്ലോ."

തെരയാൎന്നിങ്ങനെയവൾ തുടൎന്നു ചോദിച്ചാളുട-
നരികത്തണഞ്ഞു തോഴി തൊഴുകൈയോടെ.

"സമയമായില്ലെന്നു താനിപ്പൊഴും സ്വാമിനി,യവൻ
വിമനസ്സായുരച്ചുന്തു, വിഷമ"മെന്നാൾ.

കുണ്ഠിതയായിതു കേട്ടു പുരികം കോട്ടിയും കളി-
ച്ചെണ്ടു ചെറു ചൊടിച്ചുടൻ വലിച്ചെറിഞ്ഞും

മട്ടൊഴുകും വാണിയവൾ ചൊല്ലിനാൾ മനമുഴറി
യൊട്ടു തോഴിയോടായൊട്ടു സ്വഗതമായും:

"സമയമായില്ല പോലും സമയമായില്ല പോലും
ക്ഷമയെൻെറ ഹൃദയത്തിലൊഴിഞ്ഞു തോഴി.

കാട്ടുചൊല്ലുന്നതാമെന്നെക്കബളിപ്പിക്കുവാൻ കൈയ്യി-
ലോട്ടുമേന്തി നടക്കുമീയുൽപലബാണൻ.

പണമില്ലാഞ്ഞുതാൻ വരാൻ മടിക്കയാവാമസ്സാധ്വ
ഗണികയായ്ത്തന്നെയെന്നെഗ്ഗണിക്കയാവാം.

ഗുണബുദ്ധിയാൽ ഞാൻ തോഴീ കൊതിപ്പതക്കോമളൻെറ
പ്രണയം മാത്രമാണെന്നു പറഞ്ഞില്ലേ നീ?

വശംവദനസഖ ഞാനീ വശക്കേടെനിക്കു വരാൻ
വശമില്ലെന്നാലും .വന്നതയുക്തമല്ല.

വിശപ്പിന്നു വിഭവങ്ങൾ വെറുപ്പോളമശിച്ചാലും
വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ കൊതിയാമാക്കും.

അനുരക്തരഹോ! ധനപതികൾ നിത്യമെൻ കാലിൽ
കനകാഭിഷേകം ചെയ്തു തൊഴുതാൽപ്പോലും.

കനിഞ്ഞൊന്നു കടാക്ഷിപ്പാൻ മടിക്കും കണ്ണുകൾ കൊച്ചു
മുനിയെക്കാണുവാൻ മുട്ടിയുഴറുന്നല്ലോ!

കമനീയകായകാന്തി കലരും ജനമിങ്ങനെ
കമനീവിമുഖമായാൽ കഠിനമല്ലേ?

ഭാസുരനക്ഷത്രം പോലെ ഭംഗിയിൽ വിടൎന്നീടുന്ന
കേസരമുകുളമുണ്ടോ ഗന്ധമേലാതെ?

അഥവാ കഷ്ടമീയുവാവ*ശ്ശ്രമണഹതകൻെറ
കഥയില്ലായ്മകൾ കേട്ടു കുഴങ്ങുന്നുണ്ടാം.

അവസരം നോക്കുന്നുണ്ടാം, യമരാജ്യത്തിലാശാക്യ-
സ്ഥവിരന്നു പോയൊതുങ്ങാൻ സ്ഥലമില്ലല്ലീ!-

* ഭാഗ്യം കെട്ട സന്യാസിയായ ബുദ്ധൻെറ എന്നു താൽപര്യം

അനുനയം ചൊൽവാൻ ചെവി തരുന്നുണ്ടോ, സഖിയവ-
ന്നനുരാഗാങ്കുരം വാക്കിൽ സ്ഫുരിക്കുന്നുണ്ടോ?

വിവിക്തദേശത്തിൽ തന്നെ വചിച്ചിതോ ദൂത്യ, മെൻറ
വിവക്ഷിതമറിഞ്ഞെല്ലാം പറഞ്ഞിതോ നീ?

യതിമര്യാദയിൽത്തന്നെയവനോക്കിൽ ക്ഷണിക്കുമെൻ
സദനത്തിൽ വന്നു ഭിക്ഷ ഗ്രഹിക്കാമല്ലോ!

അതു ചെയ്യുമായിരുന്നാലത്രമാത്രമായ് മിഴിക്കാ
മധുരാകൃതിയെ നോക്കി ലയിക്കാമല്ലോ!

അർത്ഥഭാണ്ഡങ്ങൾതൻ കനം കുറഞ്ഞുപോകുന്നു, തോഴി
യിത്തനുകാന്തിതൻ വിലയിടിഞ്ഞിടുന്നു,

വ്യർത്ഥമായ്ത്തോന്നുന്നു കഷ്ടമവൻ കാണാതെനിക്കുള്ള
നൃത്തഗീതാദികളിലെ നൈപുണി പോലും".

കുലനയവിരുദ്ധമായ് കൊഴുക്കുമിപ്പ്രണയത്തിൻ
നില നായികയിൽ കണ്ടു ഹസിച്ചു ദൂതി,

ചലദലകാഞ്ചലയായ് "ചാപലമിതരുതെ"ന്നു
തല വിലങ്ങനെയാട്ടിത്തിരസ്കരിച്ചു,

അപഥത്തിൽ നായികയെ നയിക്കും കുട്ടിനീ, മതി
യുപദേശസംരംഭം നീ യുരിയാടേണ്ട.

മറയരില്ല ലോകത്തിൽ മുറയുരസ്സാത്തതായി
പട്ടുപാട്ടൊന്നു പാടാത്ത കഴുതയില്ല.

വിളയും സുഖദുഃഖങ്ങൾ വിതയ്ക്കും നന്മതിന്മതൻ
ഫലമായിട്ടെന്ന ബോധം പൊരുളാണെങ്കിൽ,

കൊലയും കൊള്ളയും കൂടികുലപരമ്പരയായാൽ
നലമെന്നു ചൊല്ലും നീതി നുണ താൻ നൂനം.

ധനദുർദ്ദേവതയ്ക്കെന്നും ത്രപ വിട്ടഹോ മോഹത്താൽ
തനതംഗം ഹോമിക്കുമിത്തയ്യലാൾക്കുള്ളിൽ

അനവദ്യസുഖദമാമനുരാഗാങ്കുരം വരാ
തനിയേ പിന്നതുവന്നാൽ വരമല്ലല്ലീ?

കതിരവനുടെ ചെറുകിരണവും കാമ്യമല്ലീ-
യതിമാത്രമിരുൾതങ്ങുമന്ധകൂപത്തിൽ?

ഉടനേ ചക്രങ്ങൾ നിലത്തുരുളുമൊച്ചകൾ കൂട്ടി-
പ്പൊടി പൊങ്ങിച്ചു വീഥിയിൽ വടക്കു നിന്നും

ആനതാഗ്രമായ കൊമ്പിൽ പൂവണിഞ്ഞും തിരയിന്മേൽ
ഫേനപിണ്ഡം പോലെ പൊങ്ങും പോഞ്ഞു തുള്ളിച്ചും

കിലുകിലെക്കിലുങ്ങുന്ന മണിമാലയാർന്ന കണ്ഠം
കുലുക്കിയും കുതിച്ചാഞ്ഞു താടയാട്ടിയും

കാള രണ്ടു വലിച്ചോരു കാഞ്ചനക്കളിത്തേരോടി
മാളിക തൻ മുമ്പിലിതാ വന്നണയുന്നു.

വാതുക്കലായുടനഗ്രം വളഞ്ഞു കിന്നരി വച്ച
പാദുകകൾ പൂണ്ടും, പട്ടുതലപ്പാവാർന്നും,

കാതിൽ വജ്രകുണ്ഡലങ്ങൾ മിനുക്കിയണിഞ്ഞും, കൈകൾ
മോതിരങ്ങൾതൻ കാന്തിയിൽ കഴുകിക്കൊണ്ടും,

തങ്കനൂൽക്കുട്ടുക്കിയന്ന തനിമഞ്ഞ നിറമാർന്നോ-
രങ്കിയാൽ തടിച്ചിരുണ്ട തടി മറച്ചും,

കരയാർന്ന ചെങ്കൗശേയം ഞൊറിഞ്ഞു കുത്തിയുടുത്തു
പുറങ്കാൽ വരെപ്പൂങ്കച്ചും ഞാത്തിപ്പാറിച്ചും,

പൊന്നരഞ്ഞാൺതുടൽ പുറത്തടിയിച്ചുമിരുപാടും
മിന്നുമുത്തരീയം നീട്ടി മോടിയിലിട്ടും,

മണിത്തേരതിൽ നിന്നതി സുഭഗമ്മന്യനാമൊരു
വണിഗ്വരൻ വൈദേശികനിറങ്ങി നിന്നു.

അതുകണ്ടുടനേ ദൂതിയത്തരുണീമണിയെസ്സ-
സ്മിതം നോക്കിക്കടക്കണ്ണാലാജ്ഞയും വാങ്ങി,

പതിവുപോലുപചാരപരയായ് പോയകത്തേക്കാ-
യതിഥിയെയെതിരേററു സൽക്കരിക്കുവാൻ.

ആസനം വിട്ടുടൻമെല്ലെയെഴുന്നേററു വഴിയേ താൻ
വാസവദത്തയും മണിയറയിലേക്കായ്.

പരിച്ഛദമൊക്കെയേന്തിപ്പുറകേ നടന്നുചെല്ലും
പരിചാരികയാകുമന്നിഴലുമായി,

കരപററിനിന്നു വീണ്ടും കുണുങ്ങിത്തൻകുളത്തിലേ-
ക്കരയന്നപ്പിടപോലെ നടന്നു പോയി.

ഭാഗം രണ്ട്

കാലം പിന്നെയും കഴിഞ്ഞു, കഥകൾ നിറഞ്ഞ മാസം
നാലു പോയി, നഭസ്സിൽ കാറൊഴിയാറായി;

പാല പൂത്തു, പരിമളം ചുമന്നു ശുദ്ധമാം പുലർ-
കാലവായു കുളൂർത്തെങ്ങും ചരിക്കയായി.

അഴകോടനഗരത്തിൻ തെക്കുകിഴക്കുവഴി-
യൊഴുകും യമുന തൻെറ പുളിനം കാൺമൂ.

ഇളമഞ്ഞ വെയിൽ തട്ടി നിറം മാറി നീലവിണ്ണിൽ
വിളങ്ങുന്ന വെൺമുകിലിൻ നിര കണക്കെ

ജനരഹിതമാം മേലേക്കരയിലങ്ങങ്ങു കരും-
പനയും പാറയും പുററും പാഴ്ച്ചെടികളും

വെളിയിടങ്ങളും വായ്ക്കും സ്ഥലം കാണാം ശൂന്യതയ്ക്കു
കളിപ്പാനൊരുക്കിയിട്ട കളം കണക്കെ.

നെടിയ ശാഖകൾ വിണ്ണിൽ നിവന്നു മുട്ടിയിലയും
വിടപങ്ങളും ചുരുങ്ങി വികൃതമായി,

നടുവിലങ്ങു നിൽക്കുന്നു വലിയൊരശ്വത്ഥം മൂത്തു
തടികൾ തേഞ്ഞും തൊലികൾ പൊതിഞ്ഞു വീർത്തും.

ചടുലദലങ്ങളിലും ശൃംഗഭാഗത്തിലും വെയിൽ
തടവിച്ചുവന്നു കാററിലിളകി മെല്ലെ.

തടിയനരയാലതു തലയിൽ തീകാളും നെട്ടം-
ചുടലബ്ഭൃതം കണക്കേ ചലിച്ചു നിൽപൂ.

അടിയിലതിൻ ചുവട്ടിലധികം പഴക്കമൊല്ലു-
ള്ളുടഞ്ഞും പൊളിഞ്ഞു മുണ്ടൊരാൽത്തറ ചുററും,

ഇട്ടങ്ങിയ മാളങ്ങളിലിഴഞ്ഞേറും പാമ്പുകൾ പോൽ
വിടവു തോറും പിണഞ്ഞ വേരുകളോട്ടം,

പറന്നടിഞ്ഞരയാലിൻ പഴത്ത പത്രങ്ങളൊട്ട
നിറം മങ്ങി നിലം പററിക്കിടപ്പു നീളെ.

ഉറുമ്പിഴയ്ക്കുമരിയുമുണങ്ങിയ പൂവും ദർഭ-
മുറിത്തുമ്പും മററും ചേൎന്നു ചിതറിച്ചിന്നി.

അകലത്തൊരു മൂലയിൽ കെട്ടുന്ന കനലിൽ നിന്നു
പുകവല്ലി പൊങ്ങിക്കാററിൽ പടൎന്നേറുന്നു.

ചികഞ്ഞെട്ടത്തെന്തോ ചില ദിക്കിൽനിന്നു ശാപ്പിട്ടുന്നു
പകലെന്നോൎക്കാതെ ക്രൂററൻ കുറുനരികൾ.

കുറിയൊരംകുശംപോലെ കൂൎത്തു വളഞ്ഞുള്ള കൊക്കു
നിറയെക്കൊത്തി വലിച്ചും നഖമൂന്നിയും,

ഇരയെടുക്കുന്നു പെരും കഴുകുകൾ ചില ദിക്കിൽ
പരിഭ്രമിയാതിരുന്നു ഭയങ്കരങ്ങൾ.

ഉടഞ്ഞൊരംശംഖുപോലെയുമുരിച്ചുമുറിച്ച വാഴ-
ത്തടപോലെയും തിളങ്ങുമസ്ഥിഖണ്ഡങ്ങൾ,

അവയവശിഷ്ടങ്ങളായടിഞ്ഞു കിടക്കുന്നുണ്ടൊ-
ട്ടവിടവിടെ മറഞ്ഞും മറയാതെയും.

അരയാൽത്തറവരേയും വടക്കുനിന്നെത്തുന്ന കാൽ-
പ്പെരുമാററം കുറഞ്ഞ പാഴ്നടക്കാവിന്റെ

പരിസരങ്ങളിൽ ഭസ്മപ്പാത്തികൾ കാണുന്നു ചുററും
കരിക്കൊള്ളിയും കരിഞ്ഞ കട്ടയുമായി.

ഉടലെടുത്ത നരന്മാക്കൊന്നുപോലേവക്കും ഭോജ്യ-
മിടരററു പിതൃപൈതാമഹസമ്പ്രാപ്തം,

ഇടമിതിഹലോകത്തിൻ പരമാവധിയാണൊരു
ചുടുകാടാണതു ചൊല്ലാതറിയാമല്ലോ.

മരത്തിൻപിന്നിൽ കൊക്കുകൾപിളത്തിപ്പറന്നും വീണ്ടും
വിരവിൽ വാങ്ങിയും വീണ്ടുമോങ്ങിയുമിതാ,

കാട്ടിടുന്നെന്തോ ശല്യങ്ങൾ കണ്ടുകോലാഹലത്തോടും
കാട്ടെലിവേട്ടയിൽപ്പോലെ മലങ്കാക്കകൾ.

അഹഹ! കഷ്ടമിങ്ങിതാ കുനിഞ്ഞിരുന്നൊരു നാരി
സഹിയാത താപമാന്നു കരഞ്ഞീടുന്നു.

കരവല്ലിയൊന്നിൽ കാകതജ്ജനത്തിനേന്തിയുള്ളൊ-
രരയാൽ ചില്ലയാട്ടിയുമശ്രുവഷിച്ചും,

കരിയും ചാമ്പലുംപോലെ കറുത്തോരപ്പക്ഷികൾ തൻ
ചരിഞ്ഞ നോട്ടങ്ങൾക്കേകശരവ്യമായി,

അരികിൽ കാണുന്നു ചേലച്ചീന്തിനാൽ മറഞ്ഞു നാല്പാ-
മരമരിഞ്ഞു കൂട്ടിയമാതിരിയേതോ,

അതുമല്ലവൾതൻമുമ്പിലാൽത്തറമേൽ നീണ്ട രൂപ-
വിധുരമായൊരു പിണ്ഡം വസ്ത്രവിദ്ധമായ്,

രുധിരാക്തമായി വില്പാനിറക്കിയിട്ട കുങ്കുമ
പ്പൊതി പോലെ കിടക്കുന്നു പുതച്ചുമൂടി.

ഝടിതിയങ്ങിതാ പാരം ചാരുവായ് പ്രാംശുവായ്നിഴൽ
പടിഞ്ഞാറു വീശുമൊരു ഭാസുരാകൃതി

നടക്കാവൂടെ വരുന്നു ഭാനുമാനിൽനിന്നു കാററിൽ
കടപൊട്ടിപ്പറന്നെത്തും കതിരുപോലെ.

പാവനമാം മുഖപരിവേഷമാന്ന മുഗ്ദ്ധയുവ-
ഭാവമോട്ടും കുറെഴും വാർമിഴികളോട്ടും

ആ വരും വ്യക്തി നൂനമൊരാർഹതനാം, മെയ്യിൽ മഞ്ഞ-
ച്ചീവരം കാണുന്നു, കയ്യിൽ ചട്ടി കാണുന്നു.

ഭിക്ഷ തേടി വരികയില്ലിവിടെ യിവനെന്നല്ലി-
ബ്ഭിക്ഷു പാശുപതനല്ല ചുടല പൂകാൻ,

ഇക്ഷണം മുണ്ഡമാക്കോ കൈയേകുവാൻ പോന്നെന്നു
തോന്നും
ദക്ഷതയും ത്വരയും ദാക്ഷിണ്യവും കണ്ടാൽ.

ശരി ശരി! പരദുഃഖശമനമോർത്തല്ലോ മുററും
* ശരണത്രയീധനന്മാർ ഭിക്ഷ തെണ്ടുന്നു.

---

* ബൌദ്ധഭിക്ഷുക്കൾ(ബുദ്ധൻ, ധർമ്മം, സംഘം ഈ മൂന്നിനേയും ശരണം പ്രാപിച്ചവർ)

തിരഞ്ഞു രക്ഷ നൽകുന്ന ദേവതകളല്ലോ സാക്ഷാൽ
ധരണിയിൽ നടക്കുമിദ്ധർമ്മദൂതന്മാർ.

അടുക്കുന്നിതവൻ, പറന്നകലുന്നുടൻ കാക്കകൾ,
ഞെട്ടങ്ങിയാരംഗം കണ്ടു പകച്ചു ധന്യൻ,

മട്ടത്തുനില്ക്കുന്നു, പിന്നമ്മഹിള മാഴ്കി വാണീട്ടു-
മിടത്തെത്തുന്നു, കണ്ടവൾ സംഭ്രമിക്കുന്നു,

"വാസവദത്ത താനോയീ വിപന്നമാം പ്രിയജനം?
നീ സദയം ചൊൽക ഭദ്രേ, ഉപഗുപ്തൻ ഞാൻ"

എന്നലിഞ്ഞുഴറിയവനുരയ്ക്കുന്നു പുതച്ചവൾ
തന്നരികിൽ കിടക്കുമത്തടിയെച്ചുണ്ടി.

ഉടനപ്പിണ്ഡമനങ്ങാനൊരുങ്ങുന്നിതഹോ! പുറ-
പ്പെട്ടുന്നു ഞരങ്ങി ശബ്ദം ദീനദീനമായ്.

മൃതസഞ്ജീവനിയോയീ വാക്സുധ,യിവൻെറ നാമ-
ചതുരക്ഷരിതാനിത്ര ശക്തിയാർന്നതോ;

അഹഹ! മൃത്യുവിന്നിരുട്ടാഴിയിൽ മുങ്ങിയ സത്വം
മുഹുരിന്ദ്രിയവാതലിൽ മുട്ടുകല്ലല്ലി!

തല നുണ വരികല്ലീ, കൃമികോശം തന്നിൽ നിന്നു
ശലഭം കണക്കേ ചേലച്ചുരുളിൽനിന്നും

അതുമല്ലഹോ! മുക്കാലും പാഴ്മുകിൽ മൂടി, വിഭാത-
മതി വീണു കിടക്കുന്നിങ്ങതിൽ കാണുന്നു.

ജടിലമാം കുറുനിര ചിന്നിട്ടും ശ്വേതമാം വളർ-
ന്നിടിലവും മയ്യുഴിഞ്ഞ നേത്രയുഗ്മവും.

അസംശയമൊരു നാരീമുഖം താനിതാ നയനം
സുസംവൃതമാമിത്തനു വികലാംഗം താൻ.

സസംഭ്രമം പഴക്കത്താൽ ഭ്രൂലത താനുണരുന്നോ
പ്രസംഗിപ്പാനൊരുങ്ങുന്നു ഫലിയ്ക്കായ്കിലും.

ശരി,യസൂചന കണ്ടു ചീവരഖണ്ഡത്താൽ തോഴി-
യരികിൽ കാക്ക തെണ്ടീട്ടുമപ്പദാർത്ഥത്തെ

അധികം മൂടുന്നു വിരഞ്ഞാപ്പുമാൻ കാണാതെ. ഹന്ത!
മൃതിയിലും മഹിളമാർ മറക്കാ മാനം!

പഴതേയാണഥവാ യിപ്പരിഭ്രമമെടോ തോഴീ,
കഴിയാ നിനക്കിവൻെറ കണ്ണുമൂടുവാൻ,

മറവിൽ കിടക്കും ജന്മമൃതികാരണങ്ങൾ പോലു-
മറിയും, സൂക്ഷ്മദൃക്കാകുമാർഹതനിവൻ.

കമ്പമെന്തിന്നതുമല്ലീയവയവഖണ്ഡങ്ങൾ നിൻ-
മുമ്പണയും മുമ്പുതന്നെ കണ്ടുപോയിവൻ.

അമ്പിനോട്ടമിവയുടെ യുടമസ്ഥയിക്കിടക്കും
ചമ്പകമേനിയാളെന്നും ഗ്രഹിച്ചുപോയി.

തുണിത്തുണ്ടിൽ മറയാതെ കാണുന്നു വെളിക്കൊട്ടുവി-
ലണിഞ്ഞ കോലരക്കിൻ ചാറുണങ്ങിപ്പറി.

പാടലകോമളമായ പാദതാരും പരം നൃത്ത-
മാടിയയവാൻ ചാരു നരിയാണിയും,

കാഞ്ചനകിങ്കിണിയണിഞ്ഞതളകൾതൻ മൃദുകിണ-
ലാഞ്ഛനരമ്യമാം പുറവടിയും പൂണ്ടു,

താഴമ്പൂമൊട്ടൊത്ത കണങ്കാൽമുറികളിതാ മുട്ടിൻ
താഴെച്ചോരയൊലിച്ചാൻ വേട്ടകളോട്ടം,

അട്ടത്തു താനതാ ഹന്ത! മയിലാഞ്ചിയണിഞ്ഞെല്ലം
തുട്ടത്തും തന്ത്രികൾ മീട്ടം തഴമ്പു പൂണ്ടും,

മൃദുമിനുസമാം നഖം മിന്നി നന്മണിമോതിര-
മതിചിരമണിഞ്ഞെഴും പാട്ടകൾ തങ്ങി,

കോമളമായ്ത്തുമ്പുകൂത്ത വിരലേല്യം കരം കാൺമൂ
ഹേമപുഷ്പംപോലെ രക്തകുങ്കുമാക്തമായ്.

കോൾമയിക്കൊള്ളുമോക്കമ്പോൾ കഠിനമയ്യോ മുറിച്ചു
ഭൂമിയിലെറിഞ്ഞതാരിപ്പൂവലംഗങ്ങൾ!

ഹ! മിന്നുന്നിപ്പോഴമിവ വിലപരിച്ഛേദിച്ചില്ല
കാമരാജ്യത്തിങ്കൽ മുമ്പിക്കല്ലുകൾക്കാരും,

"വാസവദത്ത"താനിവൾ, ഇവൾതാൻ മലർമുററത്താ
വാസരാന്തത്തിൽ നാം കണ്ട വിശ്വമോഹിനി.

ഹാ! സുഖങ്ങൾ വെറും ജാലം ആരറിവൂ നിയതി തൻ
ത്രാസു പൊങ്ങുന്നതും താനേ താണുപോവതും.

മലിനകന്ഥയാലംഗം മറിച്ചോരുടൽ മൂടിയ-
ന്നിലയിലിരുന്നോളിവൾ കിടപ്പായയ്യോ,

ഇലയും കുലയുമരിഞ്ഞിടവെട്ടി മുറിച്ചിട്ട
മലവാഴത്തടി പോലെ മലർന്നടിഞ്ഞു!

ചോരരാരുമിവളുടെ ചുമരു തുരന്നിടഞ്ഞി-
ഗ്ഘോരകൃത്യം ചെയ്തതല്ല ധനമോഹത്താൽ;

വാരുണീമത്തരാം വല്ല വിടരും കലഹത്തിലീ
വാരനാരിയാളെ വെട്ടി മുറിച്ചതല്ല;

സാരമാം മന്ത്രഭേദത്തിൽ സംശയിതയായിവൾക്കി-
ഗ്ഘോരശിക്ഷ തൻകോയിമ വിധിച്ചതല്ല;

എന്തിനന്യ വിപത്തുകളഥവാ തേടുന്നു കഷ്ടം!
സ്വന്തവാളാൽ സ്വയം വെട്ടി നശിപ്പു മർത്ത്യർ!

ഒട്ടനാൾമുമ്പിവളൊരു തൊഴിലാളിത്തലവൻെറ-
യിഷ്ടകാമുകിയായ് വാണു രമിച്ചിരുന്നു.

കഷ്ടകാലത്തിനപ്പോളക്കാളവണ്ടിയിൽ നാം കണ്ട
ചെട്ടിയാരതിഥിയായ് ചെന്നടുത്തുകൂടി,

പരിചയംകൊണ്ടു വിട്ടുപിരിയാതായവൻ; പിന്നെ-
പ്പരിചാരികമാർ കാര്യം മറച്ചുവെച്ചു.

അഭ്യസൂയയിതുവക്കുമുളവാകാതൊഴിക്കുവാ-
നഭ്യസിച്ച തന്ത്രമെല്ലാമവർ കാണിച്ചു.

ഒരു കാര്യം നിരൂപിച്ചാലൊരുവൻ കാമ്യൻ, പിന്നെ മ-
റെറാരു കാര്യം നിനക്കുമ്പോൾ മററവൻ മാന്യൻ,

ഒരുവനെപ്പിരിവാനുമൊരുകാലത്തു രണ്ടാളെ
വരിപ്പാനും പണിയായി വലഞ്ഞു തമ്പി.

ദിനങ്ങൾ ചിലതു പോയി, നടപടികളാൽ സ്നേഹം
തന്നിപ്പൊന്നല്ലെന്നുമാദ്യൻ സംശയിക്കയായ്.

പരമസാധ്വിയിൽപ്പോലും പുരുഷനു ശങ്ക തോന്നാം
പുരഗണികയിൽപ്പിന്നെപ്പറയേണമോ?

കുപിതനാക്കിയാലവൻ കലക്കമുണ്ടാക്കും ഭാവി
വിപൽകരമായും തീരുമവൾക്കാകയാൽ,

മുഖം തെല്ലുകറുക്കുമാ മുഖ്യജാരനെ ക്രമേണ
പുകയുമഗ്നിബാണം പോലവൾ പേടിച്ചു.

പരിജനങ്ങളുമായിപ്പരിഭ്രമിച്ചഹോ! തമ്പി
തിരഞ്ഞു രക്ഷായുധങ്ങൾ ബുദ്ധിശാലയിൽ;

പരിനാശകരമാമ'ത്തിക്കുട്ടക്ക' പൊട്ടും മുമ്പേ
തിരി മുറിച്ചെറിയാതെ തരമില്ലെന്നായ്.

ശേഷമെന്തിനുരയ്ക്കുന്നിതവനിപ്പോളില്ല സർവ്വം
ജോഷമായ് രണ്ടു മൂന്നു നാൾ കഴിഞ്ഞു കഷ്ടം!

തോഷവുമൊട്ടവളാന്നു, ഹന്ത! യിദ്ധൂർത്തയെച്ചൊല്ലി
യോഷമാരേ, നിങ്ങളെല്ലാം ലജ്ജിക്കാറുമായ്

അഹഹ! സങ്കടമോർത്താൽ മനുഷ്യജീവിതത്തേക്കാൾ
മഹിയിൽ ദയനീയമായ് മററന്തോന്നുള്ളു!

പുഷ്ടശക്തി വഹിക്കുമിപ്പളുങ്കുപാത്രം വിരലാൽ
മുട്ടിയാൽ മതി, തവിട്ടുപൊടിയാമല്ലോ,

അതുമല്ല വിപത്തുകളറിയുന്നില്ലഹോ മർത്ത്യൻ
പ്രതിബോധവാനെന്നാലും പരിമോഹത്താൽ.

ഊററമായോരുരഗത്തിൻ ചുരുളിന്മേലുറക്കത്താൽ
കാററുതലയണയായേ കരുതു ഭോഷൻ!

അതുപോകട്ടെ, പാപത്തിൻ പരിണാമം കാണ്മിൻ, നാട്ടു
പ്രതികൂലമായവൾതൻ തൊഴത്തിൽ നിന്നും

ഒററുകാർ കുഴിച്ചവൻെറ വികൃതപ്രേതമെടുത്തു,
കുററവാളിയായവളെബ്ബന്ധനം ചെയ്തു.

ഫലിച്ചില്ലാ കടക്കണ്ണിൻപണിയും ധനത്തിൻ മുഷ്ക–
മുലച്ചിലററന്നിരുന്ന ധർമ്മപീഠത്തിൽ.

നിലപെററ നേരിൻകാന്തി നീതിവാദപടുക്കൾ തൻ
വലിയ വാചാലതയിൻ മറഞ്ഞുമില്ല,

ഹാ! മഹാപാപമിതിവൾ ചെയ്തുവല്ലോ! കഷ്ടമി–
ക്കോമളിമയെങ്ങു നെഞ്ചിൻ ക്രൌര്യമെങ്ങഹോ!

പ്രേമമേ! നിൻപേരു കേട്ടാൽ, പേടിയാം വഴിപിഴച്ച
കാമകിങ്കരർ ചെയ്യുന്ന കട്ടുംകൈകളാൽ,

വധദണ്ഡാർഹയിവളെ വിധിജ്ഞനാം പ്രാഡ്വിപാകൻ
വിധിച്ച പോലഹോ! പിന്നെ നൃപകിങ്കരർ

കരചരണശ്രവണനാസികകൾ മുറിച്ചു ഭൂ-
നരകമാം ചുടുകാട്ടിൻ നടുവിൽത്തള്ളി.

ഹാ! മതിമോഹത്താൽ ചെയ്ത സാഹസമൊന്നതിനിന്നി-
ഷ്ടമൃദുമേനിയാൾ പെട്ടം പാടു കണ്ടില്ലേ!

നാമവും രൂപവുമററ നിർദ്ദയമാം * നിയമമേ
ഭീമമയ്യോ നിൻെറ ദണ്ഡപരിപാടികൾ.

VIVEKANANDA LIBRARY (P)
Founded By
VILAYATHU KRISHNAN ASAN IN 1893
VILAYATHU,
KANJAVELI (P.O.) QUILON,
KERALA INDIA.

* ധർമ്മവ്യവസ്ഥ

ഭാഗം മൂന്നു്

രക്തമെല്ലാമൊഴുകിപ്പോയ്, ക്ഷയിച്ചു ശക്തി, സിരകൾ
രിക്തമായി, പ്രാണപാശമറുമാറായി;

അക്കിടപ്പിലുമവളാ യുവമുനിയെ വീക്ഷിപ്പാൻ
പൊക്കിട്ടന്നു തല രാഗവൈഭവം കണ്ടോ!

അഥവാ യിവൾക്കെഴുമിബ്ഭാവബന്ധബലത്താൽത്താൻ
ശിഥിലമായ തൽപ്രാണൻ തങ്ങി നിൽപ്പതാം;

അന്തിമമാം മണമർപ്പിച്ചടിവാൻ മലർ കാക്കില്ലേ
ഗന്ധവാഹനെ?—രഹസ്യമാർക്കറിയാവൂ.

പുടം വരണ്ടു പററിയ പോള പണിപ്പെട്ടു ചെററു
വിടൎത്തും കണ്ണിലവൻെറ കാന്തി വീഴവേ

അവൾതൻ പാണ്ഡുമുഖത്തിലന്തിവിണ്ണിലെന്നപോലെ-
യെവിടുന്നോ ചാടിയെത്തി രക്തരേഖകൾ!

മരവിച്ചു മർമ്മസന്ധിനിരയരക്ഷണമന്തഃ-
കരണം വേദന വിട്ടു നില്ക്കവേ തമ്പി

സ്മരിക്കുന്നു പൂൎവ്വരാഗ, മവനെനോക്കിക്കണ്ണാൽതാൻ
ചിരിക്കയും കരകയും ചെയ്യുന്നു പാവം!

വിരഞ്ഞന്തർഗ്ഗദ്ഗദമായ്, വിടങ്കത്തിലെഴും പ്രാവിൻ
വിരുതം പോലെ മൃദുവായ് വ്യക്തിഹീനമായ്.

ഉരച്ചുന്നുമുണ്ടവൾ താന്നുടൻ കൈകൾ പിന്നിൽ ചേർത്താ-
ഞ്ഞരികിൽ കുനിഞ്ഞു നിൽക്കുമവനോടേതോ.

അനുനാസികവികലമന്തരോഷ്ഠലീനദീന-
സ്വനമമ്മൊഴിയിതരശ്രാവ്യമല്ലഹോ!

അനുകമ്പകലന്നതിശ്രാവകൻ ശ്രവിപ്പൂ, നമ്മു-
ക്കനുമിക്കാമവനോതുമുത്തരങ്ങളാൽ.

"ഇല്ല, ഞാൻ താമസിച്ചുപോയില്ലെടോ, സരളശീലേ-
യല്ലൽ നീയിന്നെന്നെച്ചൊല്ലിയാന്നിടായ്കെടോ,

ശോഭനകാലങ്ങളിൽ നീ ഗമ്യയായില്ലെനിക്കു, നിൻ
സൌഭഗത്തിൽ മോഹമാന്ന സുഹൃത്തല്ല ഞാൻ.

അറിയുന്നുണ്ടെങ്കിലും ഞാനകൃത്രിമപ്രണയത്തി-
ന്നുറവൊന്നു നിന്നുൾക്കാമ്പിലുറിനിന്നതും.

മുറയോക്കുമ്പോളതു നിൻ മഹിതഗുണമെന്നോർത്തു
നിറയുന്നുണ്ടെനിച്ചുള്ളിൽ നന്ദിതാനുമേ;

പരമവിപത്തിങ്കലും പരിജനം നിന്നെ വിട്ടു
പിരിയാതിങ്ങണഞ്ഞഹോ! പരിചരിച്ചു.

ചൊരിയുമിക്കണ്ണുനീർ നിൻ സ്ഥിരദാക്ഷിണ്യശീലത്തെ-
യുരചെയ്യുന്നുണ്ടതും ഞാനോക്കുന്നുണ്ടെടോ.

നിയതം സ്നേഹയോഗ്യ നീ നിജവൃത്തിവശയായ് ദു-
ൎന്നിയതിയാൽ ഘോരകൃത്യം ചെയ്തുപോയല്ലോ!

ദയനീയം! നീയിയന്ന ധനദാഹവും സൗന്ദൎയ്യ-
സ്മയവും ഹാ! മുഗ്ദ്ധേ, നിന്നെ വഞ്ചിച്ചായല്ലോ!

അതിചപലമീയന്തഃകരണം, ലോകഭോഗങ്ങൾ
പ്രതിനവരസങ്ങളാൽ ഭ്രമിശക്തികൾ,

ഗതിയെന്തു ജന്തുക്കൾക്കു്?—രതി*രോഷമോഹങ്ങളാൽ
ജിതലോകമാ'മവിദ്യ' † ജയിച്ചീടുന്നു.

അതുനില്ക്ക, വിപത്തിതൊരതുലാനുഗ്രഹമായ് നീ
മതിയിലോൎക്കണം സഖീ,—എന്തുകൊണ്ടെന്നോ?

ഇതിനാലിന്നുകണ്ടില്ലേ വിഭവത്തിൻ ചലതവും
രതിസമാനരൂപത്തിൻ രിക്തതയും നീ?

സാരമിതല്ലടോ. നിൻ നഷ്ടം, സഹജേ നൊടിയിൽഗുരു-
കാരുണിയാൽ നിനക്കിന്നു കൈക്കലാമല്ലോ,

ചോരനപഹരിക്കാത്ത ശാശ്വതശാന്തിധനവും
മാരനെയ്താൽ മുറിയാത്ത മനശ്ശോഭയും.

കരയായ്ക, ഭഗിനി നീ കളക ഭീരുത, ശാന്തി
വരും നിൻെറ വാൎന്നെറുക ഞാൻ തലോട്ടവൻ,

---

* രതി = തൃഷ്ണ

† അവിദ്യ = സംസാരമൂലകാരണമായ അജ്ഞാനം

ചിരകാല മഷ്ടമാർഗ്ഗ * ചാരിയാമബ്ഭഗവാന്റെ
പരിശുദ്ധപാദപദ്മം തുടച്ച കൈയാൽ."

എന്നലിഞ്ഞവൻ കരതാരവൾതൻ പൂവൽനെററിമേ-
ലൊന്നു ചേക്കുന്നങ്ങവൾക്കു ചീക്കുന്നു രോമം,

ഖിന്നമുഖിയാമവൾതൻ കെട്ടുന്ന സംജ്ഞ വീരലാ-
ലുന്നയിച്ച ദീപം പോലൊന്നുജ്ജ്വലിക്കുന്നു.

തുടരുന്നുമൊഴിയവൻ "ശരി, സോദരി, ഞാൻ സ്വയം
മടിച്ചുതാൻ മുമ്പുവന്നു നിന്നെ മീളുവാൻ;

കുശലമാർഗ്ഗങ്ങളന്നു കേൾക്കുമായിരുന്നില്ല നീ
വിശസനം സുഖികളെ വിജ്ഞരാക്കുന്നു.

അഖിലജന്തുദുഃഖവുമപാകരിക്കുന്ന ബോധം
വികിരണം ചെയ്തീടുന്ന വിശ്വവന്ദ്യന്റെ

വാസപവിത്രങ്ങളാണീ വാസരങ്ങൾ ഭുവിൽ, നമ്മൾ
വാസവദത്തേ, കരഞ്ഞാൽ വെടിപ്പല്ലെടോ.

മംഗലേതരകർമ്മത്താൽ മലിന നീ ശുഭം വരാൻ
സംഗതിയില്ലെന്നെൻ സഖീ, സംശയിക്കല്ലേ.

---

* അഷ്ടമാർഗ്ഗങ്ങൾ (1) സമ്യഗ്ദൃഷ്ടി (2) സമ്യക്സങ്കല്പം (3) സമ്യഗ്വാക്ക് (4) സമ്യക്കർമ്മം (5) സമ്യഗാജീവം (6) സമ്യഗ്വ്യായാമം (7) സമ്യക്സ്മൃതി (8) സമ്യക്സമാധി ഇതുകൾ.

അംഗുലീമാലനു * പോലുമാർഹതപദമേകിയ
തുംഗമാം കരുണയെ നീ വിശ്വസിച്ചാലും.

സത്യമോക്കുകിൽ സംസാരയാത്രയിൽ പാപത്തിൽക്കുഴൽ
കുത്തിടാതെ കടന്നവർ കാണുകില്ലെടോ.

ബദ്ധപങ്കമായൊട്ടന്നിതൊരുകാലം നദി പിന്നെ
ശ്ശുദ്ധികലന്നൊരുകാലം ശോഭതേട്ടന്നു.

കാലമില്ല നിനക്കെന്നും കരൾകാഞ്ഞു വൃഥാ മതി-
ശാലിനി, മാഴ്കൊല്ല, ചിരംജീവികൾക്കുമേ,

ലോലമാം ക്ഷണമേ വേണ്ടൂ, ബോധമുള്ളിൽ ജ്വലിപ്പാനും
മാലണഞ്ഞും തമസ്സാകെ മാഞ്ഞുപോവാനും

ഭുക്തഭോഗയായ് സഹിച്ച പരിവേദനയാൽ പാപ
മുക്തയായി, സഹജേ, നീ മുക്തിപാത്രമായ്.

ശ്രദ്ധയാനു വിദ്യ * യിനി ശ്രവിക്കുക പവിത്രയായ്
ബുദ്ധമാതാവെഴും പുണ്യലോകം † പൂകുക!

---

* "അംഗുലീമാലൻ മഹാദുഷ്ടനും കൊലപാതകിയുമായ ഒരു കൊള്ളക്കാരനായിരുന്നു. ആയിരം ആളുകളെ കൊന്നു കൈവിരലുകൾ മുറിച്ചെടുത്തു് അവയുടെ അസ്ഥികളെക്കൊണ്ടു് മാലയുണ്ടാക്കി തൻെറ ഇഷ്ടദേവതയ്ക്കു് ചാർത്താമെന്നു് അവൻ നേർന്നിരുന്നു. 999 ആളുകളുടെ അസ്ഥികൾ സമ്പാദിച്ചു് ഒടുവിൽ ബുദ്ധദേവനെ വധിച്ചു് അദ്ദേഹത്തിൻെറ കരാസ്ഥികൾകൂടി ചേർത്തു് നേർച്ച പൂർത്തിയാക്കുവാനായി അവൻ ദേവൻെറ അടുക്കൽ ചെന്നു. അവിടന്നു് അവനെ ധർമ്മോപദേശംചെയ്തു ശിഷ്യനാക്കി. അവൻെറ പ്രകൃതം മുഴുവനും മാറിപ്പോയി എന്നുതന്നെയല്ല ഒടുവിൽ ഭഗവാൻ അവനെ അത്യുത്തമന്മാരായ അർഹതന്മാരുടെ സംഘത്തിൽ ഒരംഗമാക്കുകയും ചെയ്തു എന്നു് പുരാവൃത്തം.

* തത്ത്വോപദേശം † "തുഷിത" സ്വർഗ്ഗം.

താണുനില്ക്കുന്നങ്ങനെയബ്ഭിക്ഷു വിവക്ഷുവായുടൻ,
ക്ഷീണതയാൽ മങ്ങിയ വാർമിഴികൾ വീണ്ടും

കോണടിയോളവും തുറന്നവഹിതയായമ്പോട്ട-
മേണനേത്രയാളവനെയൊന്നു നോക്കുന്നു.

കരതലമുയർത്തിക്കാർചികുരതൻ ശിരസ്സിൽ വെ-
ച്ചുരചെയ്യുന്നു വാക്കലിഞ്ഞമ്മുനീശ്വരൻ.

ശരണരത്നങ്ങൾ * മൂന്നും ചെവിയിലേററുടനന്തഃ
കരണത്തിലണിഞ്ഞവൾ കാന്തി തേടുന്നു,

നിറഞ്ഞു തൽക്ഷണമൊരു നവതേജസ്സു മുഖത്തിൽ
മറഞ്ഞുപോയ് മുന്പുകണ്ട ശോകരേഖകൾ,

പറയാവതല്ലാത്തൊരു പരമശാന്തിരസത്തി-
ന്നുറവായവൾക്കു തോന്നിയവളെത്തന്നെ,

ക്ഷണമുടൽ കുളുർത്തഹോ! ചലിച്ചു സിരകൾ, രക്തം
വ്രണമുഖങ്ങളിൽ വാർന്നു വീതവേദനം;

സ്ഫുരിച്ചു ബാഷ്പബിന്ദുക്കളവൾക്കു വെൺകടക്കണ്ണി-
ലുരച്ച ചെറുശംഖിൽ മുത്തുകൾപോലെ.

തിരിയേയുമവളുപഗുപ്തനെയൊന്നുപകാര-
സ്മരണസൂക്തങ്ങൾ പാടും മിഴിയാൽ നോക്കി.

---

* ബുദ്ധം ശരണം ഗച്ഛാമി, ധർമ്മം ശരണം ഗച്ഛാമി, സംഘം ശരണം ഗച്ഛാമി എന്ന വാക്യങ്ങൾ (ഇതുകളുടെ പ്രാധാന്യത്തെ ഓർത്തു ബുദ്ധമതഗ്രന്ഥങ്ങളിൽ ഇവയെ "രത്നങ്ങൾ" എന്നു പറയുന്നു.)

ചരിതാൎത്ഥനവനവൾ ചൊരിഞ്ഞൊരശ്രുബിന്ദു കൈ-
വിരലാൽ തുടച്ചുവാങ്ങി നിവൎന്നു നിന്നു.

പരംപിന്നെയുഴന്നെങ്ങും മിഴികളൊന്നുഴിഞ്ഞങ്ങ-
ത്ധരയിലവൾ ജീവിച്ച ശ്രദ്ധിതേടിട്ടും

ക്ഷണത്തിൽ ചെന്നു ഞെരുങ്ങി പ്രപഞ്ചം നിന്നഹോ ഹിമ
കണത്തിൽ ബിംബിച്ചു കാണും കാനനംപോലെ.

പരിസരമതിലവൾ പിന്നെയും കണ്ടാൾ തന്നിഷ്ട
പരിചാരികയാൽ വീണ്ടും പരിഗൃഹ്യങ്ങൾ,

അപാകൃതങ്ങളാകുമായംഗകങ്ങൾ, സ്വയം കൎമ്മ
വിപാകവിജ്ഞാനപാഠപരിച്ഛദങ്ങൾ,

കൃതകോപനൊരുശിശു കളിയിൽ ഭഞ്ജിച്ചെറിഞ്ഞ
പതംഗികാംഗങ്ങൾപോലെ ദയനീയങ്ങൾ,

തിരിയെ നോക്കുന്നിതവളുതുകൾ സാകൂതമായും
നിരുദ്യോഗമായും ഹാ! നിൎമ്മമതമായും.

യമുനയിലിളംകാററു തിരതല്ലി ശാഖ ചലി-
ച്ചമരസല്ലാപം കേൾക്കായരയാലിന്മേൽ;

താണുടനേ രണ്ടു നീണ്ട ഭാനുകിരണങ്ങളങ്ങു
ചേണിയന്ന കനകനിശ്രേണിയുണ്ടാക്കി;

അതുനോക്കി കുതുകമാൎന്നമലവിസ്മയസ്മേര
വദനയാമവൾക്കഹോ, ശാന്തശാന്തമായ്,

അർദ്ധനിമീലിതങ്ങളായുപരി പൊങ്ങീ മിഴിക-
ളൂർദ്ധ്വലോകദിദൃക്ഷയാലെന്നപോലെ താൻ.

*　*　*　*

പാവക, നീ ജയിക്കുന്നു പാകവിജ്ഞാനത്താൽ നശ്യ-
ജ്ജീവലോകം തേടുമിന്നോ നാളെയോ നിന്നെ:

ന്നുലകണത്തെത്തൊടില്ല നനഞ്ഞാൽ; ചൂടാൽ വരണ്ട
ബാലരംഭയെക്കർപ്പൂരഖണ്ഡമാക്കും നീ!

*　*　*　*

പരിനിർവ്വാണയായ തൻ പ്രിയസ്വാമിനിയെനോക്കി
പ്പരിചാരിക വാവിട്ടു വിളിച്ചുകേണു.

പരിചിലന്തസ്സമാധി ശിഥിലമാക്കിത്തിരിഞ്ഞു
പ്പരമോദാരനവളെസ്സാന്ത്വനം ചെയ്തു.

ഉപചയിച്ചംഗമെല്ലാമുടനവർ കൊണ്ടുപോയ-
ങ്ങുപനദീതടമൊരു ചിതമേൽവെച്ചു.

ഉപരിയെന്തുരപ്പൂ! കേണുഴലുമത്തോഴിതന്നെ
ഉപഗുപ്തനൊരുവിധം പറഞ്ഞയച്ചു.

ഹാ! മിഴിച്ചുനിന്നവനങ്ങമ്മധുരയിലെ മുഖ്യ-
കാമനീയകത്തിൻ ഭസ്മകദംബം കണ്ടു!

ആ മഹാൻെറ കണ്ണിൽനിന്നച്ചാമ്പലിലൊരശ്രുകണ-
മാമലകീഫലം പോലെയടന്നു വീണു.

ഉൽക്കടശോകതിക്തമല്ലോർക്കുകിലന്നയനാംബു,
'ദുഃഖസത്യ' * ജ്ഞാനദ്ധീരൻ കരകയില്ല.

തൽകൃതാർത്ഥതാസുഖത്തേൻതുള്ളിയല്ലതു—ജന്തുവി—
ന്നുൽക്രമണത്തിൽ മോദിക്കാ ഹൃദയാലുക്കൾ.

ക്ഷിപ്രസിദ്ധി കണ്ടു ത്തുന്ന വിസ്മയരസവുമല്ല—
തദ്ഭുതചാപലം ഹേതുദർശിയാന്നിടാ.

കരുതാം മറെറാന്നല്ലതു 'കരുണ' തൻ കയത്തിലെ
പ്പരിണതോജ്ജ്വലമുക്താഫലമല്ലാതെ.

ഉടനെയന്നു താൻ ചെയ്ത ശുഭകർമ്മത്തിൻ മഹത്വം
കട്ടകോളം മതിയാതെ ഗളിതഗർവ്വൻ

ചുടുകാടു വിട്ടു പിന്നശ്ശുചിവ്രതൻ വന്നവഴി
മടങ്ങിപ്പോകുന്നു ചിന്താമന്ദവേഗനായ്.

നമസ്കാരമുപഗൃഹ്ണ, വരിക ഭവാൻ നിർവ്വാണ
നിമഗ്നനാകാതെ വീണ്ടും ലോകസേവയ്ക്കായ്;

പതിതകാരുണികരാം ഭവാദൃശസുതന്മാരെ
ക്ഷിതിദേവിക്കിന്നു വേണമധികംപേരെ.

---

* [illegible] ആര്യസത്യങ്ങളിൽ ഒന്നാമത്തേതു്.

VIVEKANANDA LIBRARY (P)
Founded By
VILAYATHU KRISHNAN ASAN IN 1893
VILAYATHU,
KANJAVELI (P.O.) QUILON:
KERALA INDIA.

കുമാരനാശാൻെറ കൃതികൾ

		രൂ.	പൈ.
പദ്യകൃതികൾ	1_ാം ഭാഗം	7	00
	2_ാം ഭാഗം	7	00
	3_ാം ഭാഗം	6	00
പദ്യം_നളിനി (സവ്യാഖ്യാനം)		1	50
ലീല (സവ്യാഖ്യാനം)		1	00
രണ്ടു ഖണ്ഡകൃതികൾ		0	40
ശ്രീബുദ്ധചരിതം			
	അഞ്ചു കാണ്ഡങ്ങളും കൂടിയതു്	3	00
കുയിൽ		0	25
പ്രരോദനം (സവ്യാഖ്യാനം)		1	50
ചിന്താവിഷ്ടയായ സീത (സവ്യാഖ്യാനം)		1	50
ബാലരാമായണം ബാലകാണ്ഡം		0	40
ടി	അയോദ്ധ്യാകാണ്ഡം	0	40
ടി	ആരണ്യകാണ്ഡം	0	40
	മൂന്നു കാണ്ഡങ്ങളും കൂടിയതു്	1	50
പുഷ്പവാടി		0	50
ദുരവസ്ഥ		0	75
ചണ്ഡാലഭിക്ഷുകി		0	75
കരുണ		0	75
മണിമാല		0	50
വനമാല		2	00
സ്വഗതപ്രസ്ഥാനം		0	60
നവമാലിക		0	50
സൌന്ദര്യ ലഹരി (ഭാഷ)		0	50

വിചിത്രവിജയം	1	50
പ്രബോധ ചന്ദ്രോദയം (ഭാഷാനാടകം)	1	50
സ്തോത്രകൃതികൾ	1	75
ഗദ്യം:—രാജയോഗം (സമ്പൂർണ്ണം)	3	00
മൈത്രേയി	0	50
മനശ്ശുക്തി	0	50
നിരൂപണങ്ങൾ	0	60
മതപരിവർത്തനരസവാദം	0	25
ദൈവികമായ പ്രതീകാരം	0	60

മററു ചില പ്രധാന കൃതികൾ

കെ. അയ്യപ്പൻെറ പദ്യകൃതികൾ	2	00
വസുമതി (മൂക്കോത്തു കുമാരൻെറ നോവൽ)	1	60
ആശാൻ സ്മാരകം (ലേഖനങ്ങൾ)	2	00
കുമാരൻ ആശാൻെറ കവിത (ലേഖനങ്ങൾ)	1	50
വിശ്വാസത്തിലേയ്ക്കു വീണ്ടും (ഡോ. രാധാകൃഷ്ണൻ)	1	75
ശ്രീനാരായണഗുരുസ്മരണകൾ (പഴമ്പള്ളി അച്യുതൻ)	1	25

ശാരദാ ബുക്കഡിപ്പോ

P. O. തോന്നയ്ക്കൽ

തിരുവനന്തപുരം

ശ്രീനാരായണഗുരു സ്മരണകൾ

ഗ്രന്ഥകർത്താ: പഴമ്പള്ളി അച്യുതൻ

വില 1 രൂ. 25 പൈ.

"സ്വാമിയെപ്പററി ഇത്രയും നല്ല ഒരു പുസ്തകം മുമ്പ് ഉണ്ടായിട്ടില്ലെന്നു തീർത്തു പറയാം."

കുററിപ്പുഴ കൃഷ്ണപിള്ള.

"താങ്കളുടെ പല ഓർമ്മകളും സ്വാമിയുടെ ജീവിതത്തിൽ പുതിയ വെളിച്ചം വീശുന്നുണ്ട്."

സുകുമാർ അഴിക്കോട്ട്.

"ശ്രീനാരായണനെപ്പററി പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ പുസ്തകം ഒരു ദൂരദർശിനിയായിരിക്കുമെന്നു പറയാൻ മടിക്കേണ്ടതില്ല."

സ്വാമി മംഗളാനന്ദൻ.

ശാരദാ ബുക്കഡിപ്പോ,
തോന്നയ്ക്കൽ P. O.

S. B. Press, Trivandrum.

ബഷീർ

ഓർമ്മ

ശാരദാബുക്ക്ഡിപ്പോ